**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 508** **25-03-2025 - ൽ മറുപടിയ്ക്ക്**

**കർഷക ഉൽപ്പാദക സംഘങ്ങളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക രംഗത്തെ അഭിവൃദ്ധി ലക്ഷ്യമിട്ട് സഹകരണ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കാർഷിക രംഗത്തെ അഭിവൃദ്ധി ലക്ഷ്യമിട്ട് സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)) . ടി പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നുണ്ട്.<br><br>സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)). കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 46 സഹകരണ സംഘങ്ങൾക്ക് 1261.64 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കാർഷിക മേഖലയിൽ നബാർഡ് സഹായത്തോടെ 4% പലിശ നിരക്കിൽ അനുവദിച്ച് വരുന്ന കേരള ബാങ്ക് പദ്ധതിയായ PACS as MSC/AIF സ്കീമിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി വിള സംരംഭക ആവശ്യങ്ങൾക്കായുള്ള വായ്പകൾ വിതരണം ചെയ്തു വരുന്നു. ടി പദ്ധതികളുടെ നിർവ്വഹണപുരോഗതി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ഓരോ ത്രൈമാസാടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്.<br><br>നിലവിൽ ടി പദ്ധതി പ്രകാരം, നാളികേരം /ചകിരി സംസ്കരണ പദ്ധതികൾക്കായി 74.18 കോടി രൂപയും, പഴം, പച്ചക്കറി/ശർക്കര/ nuts/grains സംസ്കരണ പദ്ധതികൾക്കായി 73.18 കോടി രൂപയും, Godown/Storage/Warehouse/ Custom Hiring Units/ Manure Production /Agri Nursery പദ്ധതികൾക്കായി 62.04 കോടി രൂപയും ഉൾപ്പെടെ 210.06 കോടി രൂപ വായ്പയായി ബാങ്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>ടി പദ്ധതികളുടെ നിർവ്വഹണപുരോഗതി site visit നടത്തി വിലയിരുത്തിയശേഷം മാത്രമാണ് വായ്പ വിതരണം നടത്തുന്നത്. അപ്രകാരം 86 പ്രോജക്റ്റുകളിലായി 85.21 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ജില്ലകളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ടാർജെറ്റ് പൂർത്തിയായിട്ടുണ്ട്.<br><br>നിലവിൽ നടപ്പിലാക്കിയ പദ്ധതിയുടെ തുടർച്ചയായി ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന ഒരു പദ്ധതി 2023ൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി വഴി 14 ജില്ലകളിലുമായി 381.45 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതി ഇപ്പോഴും തുടർന്നു വരുന്നു. |
| (ബി) | കർഷക ഉൽപ്പാദക സംഘങ്ങളുടെ ശാക്തീകരണത്തിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം നേടിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നേടിയിട്ടുണ്ട്.<br><br>കേരളത്തിലെ കർഷക ഉൽപ്പാദക സംഘങ്ങളെ (FPO) രണ്ട് വിഭാഗമായി തരംതിരിക്കാം.<br><br>1)കേരള ബാങ്കിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടFPO കൾ.<br><br>2)NABARD, NCDC, SFAC തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മുഖേന രൂപീകരിച്ച FPO കൾ |

| | | | |
|---|---|---|---|
| | | | കേരളബാങ്കിന്റെ നേതൃത്വത്തിൽ ഇന്നുവരെ 36 FPO കൾ രൂപീകരിച്ചിട്ടുണ്ട്.<br><br>ബാങ്ക് FPO രൂപീകരണത്തിനും ശാക്തീകരണത്തിനുമായി സംസ്ഥാനത്തുടനീളം പ്രചരണ യോഗങ്ങൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ FPO രൂപീകരണത്തിന്റെ പ്രാരംഭദശയിലുള്ള കർഷകർക്ക് പ്രത്യേക പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു.<br><br>കർഷക ഉൽപ്പാദ സഹകരണ സംഘങ്ങളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട സെൻട്രൽ സെക്ടർ സ്കീമിൽ ഉൾപ്പെടുത്തി രാജ്യത്ത് 10000 ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 65 ബ്ലോക്കുകളിലായി നാഷണൽ കോ- ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC) യുടെ കീഴിൽ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FPO) കൾ രൂപീകരിക്കുവാൻ നിശ്ചയിച്ചിരുന്നവയിൽ (എറണാകുളം ജില്ലയിലെ മുളന്തുരുത്തി, പള്ളുരുത്തി എന്നീ ബ്ലോക്കുകൾ ഒഴികെ) 63 FPO കളുടെ രജിസ്ട്രേഷൻ നടപടികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ പ്രവർത്തിച്ചു വരുന്ന കർഷക ഉൽപ്പാദക സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ട് സഹകരണ മേഖലയുടെ പിന്തുണയോടെ രൂപീകരിക്കുന്ന എഫ്.പി.ഒ.-കളുടെ പ്രവർത്തനം ഏത് രീതിയിലാകണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | കാർഷിക ആവശ്യത്തിന് വിത്ത്, തൈകൾ കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവ സംഭരിച്ച് വിതരണം ചെയ്യുക, കാർഷിക രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, രോഗങ്ങളുടെ വ്യാപനം തടയുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ കർഷകർക്ക് പരിശീലന പരിപാടികൾ നടത്തുക, ശാസ്ത്രീയ കൃഷിരീതികൾ കൃഷിയിടങ്ങളിൽ അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കുക, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന കാർഷിക പദ്ധതികൾ സഹകരണ സംഘം വഴി കർഷകരിൽ എത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സഹകരണ മേഖലയുടെ പിന്തുണയോടെ രൂപീകരിച്ച ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ മുഖാന്തിരം ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ